ബി. എസ്. സി. രണ്ടാംവർഷം, ഫിസിക്സ്
ജസീറ. കെ.

കവിത

# ബാക്കിപത്രം

എന്റെ ഓർമ്മകളുടെ
ഊഷരഭൂമിയിൽ
ഒഴുകിയകന്ന കടലാസുതോണിയുടെ
ഒരോർമ്മക്കുറിപ്പ് പോലെ
ഒരു മഴക്കാലം കൂടി...
വഴിമാറുന്നു വേനലും വസന്തവും
മകരമാസത്തിലെ അലോസരപ്പെടുത്തുന്ന കാറ്റും
ഇനി ഇടവപ്പാതിയിൽ
നഷ്ടപ്പെട്ട ഹരിതാഭയോടെ
വേദനകൾ നൽകുന്ന ഒരു മഴക്കാലം കൂടി

കോരിച്ചൊരിയുന്ന മഴ
സമയമറിയിക്കാത്ത സന്ദർശകൻ...
എന്നിൽ കോരിനിറക്കുന്നത്
നൊമ്പരങ്ങളുടെ തീക്കനലുകളാണെന്നു മാത്രം...
ഇപ്പോഴെന്റെ മഴക്കാലങ്ങൾക്ക്
ബാല്യത്തിന്റെ കുസൃതിയില്ല,
കൗമാരത്തിന്റെ തുടിപ്പില്ല,
യൗവ്വനത്തിന്റെ ചൈതന്യമോ
വാർദ്ധക്യത്തിന്റെ പൂർണ്ണതയോ ഇല്ല
കിനാവും കരയുമൊടുക്കുന്ന ഒരു രൗദ്രഭാവം മാത്രം..

അല്ലെങ്കിലും........
കോൺക്രീറ്റ് ചുമരുകൾക്കിടയിൽ
നനഞ്ഞ പുതുമണ്ണിൻ ഗന്ധമെവിടെ...?
തുള്ളിത്തുളുമ്പും ഇലച്ചാർത്തുകളെവിടെ...?
ഹരിതവനഭൂവിലെ പച്ചപ്പെവിടെ...?

കാർമേഘം മൂടിക്കെട്ടിയോരന്തരീക്ഷവും
പെയ്യാൻ വെമ്പുന്ന മേഘങ്ങളും
വീണ്ടുമെന്നിൽ ഓർമ്മയുടെ നഖക്ഷതങ്ങളാവുന്നു...
ഇതുപോലൊരു മഴക്കാലത്താണത്രേ
എല്ലാ ദുരന്തങ്ങൾക്കും മുന്നോടിയായി
ഞാൻ പിറന്നു വീണത്.
പിന്നീടിതുപോലൊരു മഴക്കാലത്താണ്
സ്വാർത്ഥ താല്പര്യങ്ങൾക്കായി
മഴത്തുള്ളികളിൽ മിഴിനീരിന്നുപ്പുരസം കലർത്തി
ഞാനീ ജീർണ്ണിച്ച പടിവാതിൽ കടന്നു പോയത്...

ഇതുപോലൊരു മഴക്കാലത്താണ്
എന്നെന്നേക്കുമായ് ഞാൻ
ഈ നാലു ചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടത്



ഇപ്പോൾ...
നക്ഷത്രങ്ങളില്ലാത്ത രാത്രിയും
നിശബ്ദതയെ അലോസരപ്പെടുത്തുന്ന
ഒറ്റക്കും തെറ്റക്കും, തെറ്റിയും തെറിച്ചും പെയ്യുന്ന
വർഷനാദവും
അനിശ്ചിതത്വത്തിലേക്ക് നീളുന്ന ചളിവരമ്പുകളും മാത്രം.

സുഹൃത്തേ...
ഇനിയെനിക്ക് സ്വപ്നങ്ങളില്ല
കണ്ണിലെ നക്ഷത്രത്തിളക്കവും..........
മനസ്സിലെ പുഴയുടെ താളവും...
എല്ലാമന്യം...
പ്രതീക്ഷകൾ ചിറകറ്റുപോയിട്ടും
വേദന വിറങ്ങലിച്ച ഈ വിരൽതുമ്പിൽ നിന്നും.....
രണ്ടു വാക്കുകൾ കൂടി മാത്രം...
ആരുമറിയാതെ...
ഒരു മൗനത്തിൻ ബാക്കിപത്രമായ് മാറട്ടെ

ഈ മഴയും...
മഴച്ചാറ്റലിൽ കുതിർന്ന ഒരു പിടി
കരിഞ്ഞ സ്വപ്നങ്ങളും........ ■

P. P. SHAHUL HAMEED

POKHRAN

# CAN THE ENLIGHTENED ONE SMILE?

The dark mushrooming fumes of death
hang like a heavy shroud
over the terrified face of earth
Men, Women and children
Scream like mad
and run for life like hoards of mice.
Skins blister, throats parch
and eyes burn their sockets out......
O! horror spewed out of
Scalding horror!



This is the very end,
the maddening, shattering
crashing end!

And behind all this
stand the fiendish old men
who bare their blood-stained
Godse-teeth
to sneer at the weeping Buddha. ■

dept. of hindi

**MOHANRAJ MENON**

# कहाँ और क्यों?

आज़ाद है कहाँ तक हम यहाँ
आसान नहीं जीना यार यहाँ

मज़हब के नाम पे लडते हैं
मुहब्बत के लिए मर मिटते हैं
वादे करके तोडे जाते हैं
सीधे को भी मोडे जाते हैं
हैं किसे वतन की फिकर और प्यार यहाँ

ईश्वर के नाम पे हडपते हैं
ईमानदार सदा तडपते हैं
प्यार के मिलकर ठेके लेते हैं
यार के दिल के टुकडे करते हैं
हैं सब दिल्लगी कौन है वफादार यहाँ

इबादत दिखावा बन गयी है
इनसानियत कबके मर गयी है
धोखा खाकर सबकुछ खोते हैं
ठोकर खाके भी फिर वही खोजते हैं
हाय। यह ज़िन्दगी कितनी वज़नदार यहाँ

आज़ाद है कहाँ तक हम यहाँ
आसान नहीं जीना यार यहाँ




ബി. എ. മൂന്നാംവർഷം, ഇംഗ്ലീഷ്

എം. നൗഷാദ്



# കാലംബലം



കാലം, ഒരു പുഴ.
അനന്തതയുടെ ആദ്യവേദനപോലെ,
ഉത്തരങ്ങളിലെത്താത്ത ചോദ്യം പോലെ,
ഓർമ്മമുറിയാത്ത താളം പോലെ,
സ്വർഗസ്ഥരുടെ പുഞ്ചിരിപോലെ,
നിന്നിൽ നിറയുന്ന നാളെയുടെ വെളിപാടുപോലെ!


പുഴയോരത്ത്,
അക്കരപ്പച്ചകളുടെ കിനാവിൽ
പരീക്ഷക്കും പ്രേമത്തിനുമിടക്കു പെട്ടവനെപോലെ,
നക്ഷത്രങ്ങൾ നഷ്ടമായ നാവികനെപോലെ,
മൂകരായി, മരിക്കാത്തവരായി നമ്മൾ
അറിവിന്റെ അപാരതപോലും അറിയില്ല;
യാത്രയയപ്പിന്റെ നിർവികാരതയും
കാരണങ്ങളുടെ കാരുണ്യവും നമുക്കറിയില്ല.

പരീക്ഷാഹാളിനു പുറത്ത് ഒരു ഭ്രാന്തൻ പറയുന്നു:
"എല്ലാ പരീക്ഷയിലും ഒരുത്തനും ജയിക്കുന്നില്ല"
ഇരുളിൽ മുഖമാഴ്ത്തിയ കൂട്ടുകാരൻ ചോദിക്കുന്നു:
"നിനക്കു കൊമ്പുമുളച്ചാൽ നീയെവിടെ ഒളിക്കും?
ഒറ്റക്കാരിൽ നിന്ന് എങ്ങനെ മറയും?"
തോറ്റുമാത്രം ശീലിച്ച മകനുവേണ്ടി
ഒരമ്മ വിലപിക്കുന്നു: "ദൈവമേ,
നീയെന്തിനു പരീക്ഷകളെ സൃഷ്ടിച്ചു?"
സൂര്യനുതാഴെയിരുന്ന്,
അവസാനം അവർ ചോദിക്കും:
"നിന്നിലെ നീ, പരീക്ഷകളിൽ തെളിയിക്കപ്പെട്ടുവോ?
അറിവിന്റെ ആർജ്ജവങ്ങൾക്കപ്പുറം,
നീയെന്താണ്?"

തെളിമയോടെ,
പഴമയും പുതുമയുമില്ലാതെ,
വീണ്ടും കാലത്തിന്റെ പുഴ.
മഹാപ്രയാണം.
വലയും ചൂണ്ടയും വിടർത്തി
തളരുകയാണോ നാം?
അതല്ല,
നിയോഗത്തിന്റെ കരുത്തുകൊണ്ട്,
പ്രാതിനിധ്യത്തിന്റെ ദിവ്യതകൊണ്ട്
നാം അതീതരാണ് എന്നുണ്ടോ;
ചരിത്രത്തിനു പോലും?! ■

# മൗനം മൊഴിയുന്നത്

മിണ്ടാതിരുന്നത് ആദ്യം ആരാണ്......?
ഉത്തരം പരതിയിറങ്ങിയ ഇടനാഴിയിൽ
ഓർമ്മകൾക്ക് കാലിടറുന്നു.....
ചിലപ്പോഴൊക്കെ നിന്റെ മുഖം തട്ടി
ഇടയ്ക്കെന്റെയും....
ഒന്നുറപ്പാണ്
ഇടക്കെപ്പോഴോ
കൂടുകൂട്ടിയ മൗനത്തിന്റെ
മുറിച്ചുമാറ്റാനാവാത്ത സാന്നിധ്യം.
അലക്കിയെടുത്ത് വിരിച്ചിട്ടും
ഓരോ സന്ദർശനത്തിലും
നമുക്കിടയിൽ മൗനം വിയർത്തൊലിച്ച്
അലോസരമുണർത്തി.
മുഷിഞ്ഞ മൗനം പകുത്തെടുത്ത്
പടിയിറങ്ങിയ വൈകുന്നേരങ്ങൾ.
അലക്കിയെടുക്കാൻ പകലിരവു പാഴാക്കി
ഒലിച്ചുപോയത്
വസന്തത്തിന്റെ വർണ്ണങ്ങൾ.
പിന്നെ....
മൗനമെനിക്ക് സംഗീതമായി
നുണകളുടെ കുന്നുകൾ തീർത്ത്
ഒളിച്ചുകളിക്കാറുള്ള നമുക്ക്
ഒളിച്ചിരിക്കാനൊരു കൊട്ടാരമായി.
മൗനത്തിന്റെ കൂട്ടിലെ
കുരുവികളുടെ നനുത്ത ചിറകടിയൊച്ചകൾക്ക്
നീയൊരിക്കലും
കാതോർത്തില്ല
നിനക്ക് വേണ്ടത് മുറുകിയ താളമായിരുന്നു
.....രാത്രി
അടച്ച ചുണ്ടുകൾക്കിടയിൽ
കുരുങ്ങിക്കിടന്ന വാക്കുകൾ
ഗദ്ഗദങ്ങളുടെ തൊങ്ങലണിഞ്ഞ്
മുറിയിലുലാത്തി....
കുമ്പസാരക്കൂട്ടിൽ
അലമുറയിടുന്ന ആത്മാവ്...
ആവർത്തനങ്ങൾ അകലംകൂട്ടിയ
വഴിയിലൂടെ
നീ വരാതെയായി.



പിന്നെ....
വാരാന്ത്യങ്ങളിലെത്താറുള്ള അക്ഷരങ്ങൾ
അവയ്ക്ക് പാതാളക്കരണ്ടിയുടെ
മുനകൾ മുളയ്ക്കവേ
എന്റെ പേനത്തുമ്പിൽ
മൗനത്തിന്റെ ചിലന്തിവല തൂങ്ങി.
നെഞ്ചിൽ നെരിപ്പോടെരിയുന്ന
നിന്റെ മൗനത്തെ കാണാതായി.
തണുത്ത ഓർമ്മകളിലേക്ക്
ചുടുകാറ്റായ് വീശാറുള്ള
നിന്റെ ഗംഭീരമൗനത്തെ കേൾക്കാതായി
എന്നിട്ടും..... മദ്ധ്യേ
അതാര്യമായൊരു കിനാവൊഴുകി.
ഇന്ന്.....
മൗനത്തിന്റെ സ്വരപ്പകർച്ചകൾക്ക്
ഞാനൊരു അക്ഷരമാല കൊരുക്കുകയാണ്
നിറഭേദങ്ങൾക്കൊരു ഭാഷ
എന്നിലെല്ലാം ഇപ്പോഴുമുണ്ട്
സ്വപ്നങ്ങൾ..... ഓർമ്മകൾ.....
എല്ലാറ്റിനുമപ്പുറം അതേ മൗനം
കിനാവിൽ ചിരിക്കുന്ന
ഓർമകളിലേക്ക് നോക്കിക്കരയുന്ന
അക്ഷരങ്ങളിൽ പിടയുന്ന
അതേ മൗനം.
പക്ഷെ.....
എന്റെ മൗനത്തിന്ന്
ചിറകുകൾ മുളച്ചിരിക്കുന്നു
ചിറകുകൾ!
നനുത്ത കുഞ്ഞിച്ചിറകുകൾ.
■


# സ്നേഹിതന്

സ്നേഹിതന്
സ്നേഹിതാ.........
എന്റെ ചോദ്യങ്ങൾക്ക്
ഇനിയും നീ ഉത്തരം നൽകിയിട്ടില്ല........
കണ്ണടച്ച് നീയും ഇതേ ചോദ്യങ്ങൾ
എന്നോട് ചോദിച്ചുകൊണ്ടേയിരിക്കുന്നു......
അങ്ങനെ,
നാം രണ്ടു പേരും
രണ്ടായിരം ചോദ്യങ്ങളായിത്തീരുന്നു......
എപ്പോഴും നമുക്ക് ദാഹമേയുള്ളൂ...
ദാഹജലമില്ലെന്നറിഞ്ഞിട്ടും
മരുപ്പച്ച തേടിനാമിപ്പോൾ
ഏറെ തളർന്നിരിക്കുന്നു.....
ചോദ്യങ്ങളുടെ കുന്തമുനയിൽ-
തെല്ലിട വിശ്രമിക്കെ
നാം
ഇതും കൂടി അറിയുന്നു.
സ്വർഗത്തിൽ നിന്നു അഗ്നിയപഹരിക്കാൻ
പുതിയൊരു പ്രോമിത്യൂസ് നമുക്കില്ലെന്നും-
ഇനിയൊരഗ്നി പരീക്ഷണത്തിന്
ഭൂമി പിളർന്ന് വരാൻ-
മറ്റൊരു സീത നമുക്കുണ്ടാവില്ലെന്നും-
മക്കളെയോർത്ത് വിലപിക്കാൻ
ഇനിയൊരു ഗാന്ധാരിയമ്മ നമുക്കുണ്ടാവില്ലെന്നും
വിലക്കപ്പെട്ട കനിയായി-
ഉത്തരങ്ങൾ നമുക്ക് മുമ്പിൽ ഒളിഞ്ഞിരിക്കവെ,
സ്നേഹിതാ, നീയിതറിയുക.....
നമ്മെപ്പോലെ,
ചോദ്യങ്ങളുടെ യാഗാശ്വത്തിന്മേൽ-
ചക്രശ്വാസം വലിക്കുന്നവരാണ്
നമുക്ക് ചുറ്റുമുള്ളവരെന്ന്........ ■

PRAMOD. P. K.



# THE LAST RESORT




Life, the Sacred Vessel
filled with real tensions and miseries
Traffic jam at all
Functions of road
Where I have to go
Where I have to stay
looking for relief
I found the last resort
And now............
You can find me there
Every Friday midnight
Glittering in the Sky.

■

അൻവർ ഹുസൈൻ

# ഉത്തരമില്ലാത്തവ



ഇനിയുമെന്തെഴുതണം നിന്നെക്കുറിച്ചു ഞാൻ
പിന്നിലെ തൊടിയിലെന്നാത്മാവു നീറവെ,
ഏതു ചാപല്യക്കനൽ പാളി ചിക്കി നിൻ
ഉള്ളിലെ നോവിൻെറ വേരുകളറിയണം.....?

ഇത്തിരിത്താളിലെ മോഹമയിൽപ്പീലി
പെറ്റ നിലാവിൻെറ പന്ത്രണ്ടു കീറുകൾ
ഉദരഭാവങ്ങളിൽ നാഗമുറങ്ങുമ്പൊ-
ഴേതു ജന്മത്തിൻെറ ഖനനം നടത്തണം?

പിന്നിൽ ദ്രവിച്ച പടിവാതിലും ചാരി
ഉള്ളിലെച്ചെറു ചിത തല്ലിക്കെടുത്തുവാൻ
പുഴുവരിച്ചൊരു പാദമിട ഞൊണ്ടി നീയേതു
തരള ലോകത്തേക്കു മെല്ലെക്കടന്നു പോയ്......?

അറിയില്ല, ചിന്തകളിലരുതാത്ത യൗവനം
അപരഭാവം പൂണ്ടു നാക്കുകൾ നീട്ടിയ
നഗ്നമാം രാവിൻ നിഷാദശീലങ്ങളെ
സ്വത്വരതിയിൽ നീ തിരഞ്ഞു നടന്നുവോ?

ഇവിടെയീ ചിഹ്നമെന്നാത്മ ബോധത്തിൻെറ
മുന്നിൽ കുനിഞ്ഞൊരു കൺകണം വീഴ്ത്തുന്നു
വ്യർത്ഥമായ് പാടുന്ന രാത്രി സൗഭാഗ്യങ്ങ-
ളെത്രയോ കാതം ചുഴറ്റിയെറിയുന്നു

തെരുവിലെ ശൈശവ ഉദരനിമ്നോന്നതി
യണയാത്ത ജംരാഗ്നി കൊണ്ടൊന്നളന്നുമീ
പേരുകളില്ലാത്ത വീടുകൾ തേടി-
ക്കലാപപ്പുക പോൽ ചിതറി നടന്നു നീ....

ഉഷ്ണവെയിൽ ജീർണശ്വാസം വിടർത്തിയ
അപരാഹ്നമൊരു വാക്കു മാത്രം മൊഴിഞ്ഞുപോയ്
ഹിമപാളി മൂടിയ ഏതൊ യുഗത്തിൻ ക-
വാടങ്ങളിൽ നിന്നുമാരോ വിളിക്കുന്നു

"ആരെ"ന്ന ചോദ്യമൊരുച്ച മയക്കത്തിൻ
പാതി സ്വപ്നങ്ങളിൽ മുറിവേറ്റു പിടയവേ
കർമ്മ ബന്ധങ്ങൾ തഴമ്പിച്ചു കവിളിലൊ-
രിത്തിരിച്ചിരി തേച്ചു വീണ്ടും മറഞ്ഞു നീ....

ഉത്തരമില്ലാത്ത ചോദ്യങ്ങൾ കൊണ്ടെൻെറ
മൂക്കിള തേച്ച ളൂതുക്കളിൽ ഒടിയാത്ത
കാൽ നഖങ്ങൾ കൊണ്ട് ചിക്കിച്ചികഞ്ഞു ഞാൻ
നിന്നിലെ എന്നെ തിരഞ്ഞുകരഞ്ഞിടും......
നിന്നിലെ എന്നെ തിരഞ്ഞുകരഞ്ഞിടും...... ■